പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 4381 | 17. 05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**മാനസികാരോഗ്യ പരിപാലനരംഗത്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജെയിംസ് മാത്യൂ**<br>**,, പി. ഉണ്ണി**<br>**,, ബി.സത്യൻ**<br>**,, പി.ടി.എ. റഹീം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മാനസികാരോഗ്യ പരിപാലനരംഗത്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | സാമൂഹ്യാധിഷ്ഠിതമായി മാനസികാരോഗ്യ ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലാ മാനസികാരോഗ്യപരിപാടി (DMHP) കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൈക്യാട്രിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ധ സംഘം ജില്ലയിലെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ മാസംതോറുമുള്ള ക്ലിനിക്കുകൾ നടത്തി വരുന്നു. മനോരോഗത്തിനുള്ള ഔഷധങ്ങളും കൗൺസിലിങ്ങും മറ്റ് സേവനങ്ങളും സൗജന്യമായി നൽകി വരുന്നു. മാനസികരോഗികളുടെ പുനരധിവാസത്തിനുവേണ്ടി ആരോഗ്യവകുപ്പിന്റെ കീഴിൽ 27 പകൽ വീടുകൾ പ്രവർത്തിച്ചു വരുന്നു. സ്കൂൾ കുട്ടികളുടെ മാനസികാരോഗ്യം മുൻനിർത്തി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചിട്ടുള്ള സ്കൂൾ മാനസികാരോഗ്യപരിപാടി ഈ അധ്യയനവർഷം മുതൽ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നുണ്ട്. വിഷാദരോഗചികിത്സ പ്രാഥമികാരോഗ്യതലത്തിൽ നടപ്പിലാക്കുന്ന 'ആശ്വാസം' പദ്ധതി ആരംഭിച്ചു കഴിഞ്ഞു. പരീക്ഷാപേടി, മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്കുള്ള ടെലിഫോൺ കൗൺസിലിംഗ് സേവന മായി 'ദിശ' (1056) യും പ്രവർത്തിച്ചുവരുന്നു. |
| ബി) | മാനസികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രസ്തുത കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ, KIIFB യുടെ സഹായത്തോടെ 100 കോടി രൂപയുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താനുള്ള നവീകരിച്ച മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. ഇതിനു |

| | | | |
|---|---|---|---|
| | | | പുറമേ മാനസികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിച്ചു വരുന്ന ലഹരി വിമോചന കേന്ദ്രത്തിൽ പുതുതായി ഡെലീറിയം ICU തുടങ്ങാനുള്ള തുക 2017-2018 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | മാനസിക രോഗികളുടെ പുനരധിവാസത്തിനും പരിചരണത്തിനും വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം സാധ്യമാക്കുമോ; | സി) | സാധ്യമാണ്. ഇപ്പോൾ തന്നെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള മാനസികരോഗ പുനരധിവാസകേന്ദ്രങ്ങൾക്ക് ചികിത്സയും മരുന്നുകളും ആരോഗ്യവകുപ്പ് വഴിയാണ് ലഭ്യമാക്കുന്നത്. പ്രവർത്തനങ്ങൾ കൂടുതൽ എകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മാനസിക രോഗ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ; | ഡി) | തിരുവനന്തപുരം ജില്ലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മാനസികാരോഗ്യചികിത്സ ഇപ്പോൾ തന്നെ ലഭ്യമാണ്. ഇത് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) | മനോരോഗങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ? | ഇ) | മാനസികാരോഗ്യ ബോധവത്കരണ പരിപാടികൾ എല്ലാ ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തിവരുന്നുണ്ട്. ഇതിനായി പ്രത്യേക ഫണ്ട് ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുമുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ